# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2025 ഒക്ടോബർ 22**

---

## ഡ്രോൺ പൈലറ്റ് സർട്ടിഫിക്കറ്റ് കോഴ്സ്

*മഹാത്മാഗാന്ധി സർവകലാശാലയിലെ ഡോ.ആർ.സതീഷ് സെന്റർ ഫോർ റിമോട്ട് സെൻസിംഗ് ആന്റ് ജിഐഎസ് വിഭാഗം ഏഷ്യ സോഫ്റ്റ് ലാബിന്റെ (ആർ.പി.ടി.ഒ) സഹകരണത്തോടെ നടത്തുന്ന ഡി.ജി.സി.എ അംഗീകൃത ഡ്രോൺ പൈലറ്റ് സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു.*

*മൂന്നു മാസം ദൈർഘ്യമുള്ള കോഴ്സിൽ ഇന്റേൺഷിപ്പിനും അവസരമുണ്ടായിരിക്കുന്നതാണ്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻറെ സ്മോൾ ക്ലാസ്സ് ഡ്രോൺ പൈലറ്റ് ലൈസൻസ് ലഭിക്കും. പത്താം ക്ലാസ് പാസായിരിക്കണം, പ്രായം 18നും 60നും മധ്യേ.*

*ഡ്രോൺ റിപ്പയർ ആൻഡ് മെയിന്റെനൻസ്, ഡ്രോൺ അസംബ്ലിങ്, ത്രീഡീ പ്രിന്റിങ്, എഫ് പി വി ഡ്രോൺ ട്രെയിനിങ്, ഡ്രോൺ സർവ്വെയിങ്, ഡ്രോൺ ഏരിയൽ മാപ്പിംഗ് ആൻഡ് ഡാറ്റാ പ്രോസസ്സിങ്, ത്രീഡി ഇമേജിങ്, ഡി ജി പി എസ്സ് സിസ്റ്റം സ്റ്റഡീയിങ്, വിവിധ ഡ്രോണുകളിലും സെൻസറുകളിലുമുള്ള പ്രവൃത്തി പരിചയം തുടങ്ങിയവ ഉൾപ്പെടുന്നതാണ് സിലബസ്.*

*വിശദ വിവരങ്ങൾക്ക് ഫോൺ: 7012147575, 6282448585 വെബ് സൈറ്റ്:*
www.ses.mgu.ac.in.
*(പി.ആർ.ഒ/39/2126/2025)*

## ഫാഷൻ ടെക്നോളജി ആന്റ് ബ്യൂട്ടീഷൻ കോഴ്സ്

*മഹാത്മാഗാന്ധി സർവ്വകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ് (ഐ.യു.സി.ഡി.എസ്) നടത്തുന്ന ഫാഷൻ ടെക്നോളജി ആന്റ് ബ്യൂട്ടീഷൻ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ആറുമാസം മുതൽ ഒരു വർഷം വരെയാണ് കോഴ്സ് ദൈർഘ്യം. തിയറി ക്ലാസുകൾ എംജി യൂണിവേഴ്സിറ്റി*

*ക്യാമ്പസിലും പ്രാക്ടിക്കലുകൾ പ്രമുഖ ഗാർമെന്റ് കമ്പനികളിലുമായിരിക്കും. പ്രായപരിധി ഇല്ല. ക്ലാസുകൾ നവംബർ ആദ്യ ആഴ്ച ആരംഭിക്കും. വിശദ വിവരങ്ങൾക്ക് ഫോൺ :9496414917 മെയിൽ :*iucds@mgu.ac.in

*(പി.ആർ.ഓ/39/2127/2025)*

## പ്രാക്ടിക്കൽ

*അഞ്ചാം സെമസ്റ്റർ (സിബിസിഎസ്) ബിഎ മൾട്ടീമീഡിയ, ബിഎ വിഷ്വൽ കമ്മ്യൂണിക്കേഷൻ ആന്റ് ബിഎ ഓഡിയോഗ്രാഫി ആന്റ് ഡിജിറ്റൽ എഡിറ്റിംഗ് (പുതിയ സ്കീം- 2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017, 2018 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ഒക്ടോബർ 2025ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ മൂന്ന് മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

..................

*അഞ്ചാം സെമസ്റ്റർ ബിഎ അനിമേഷൻ ആന്റ് ഗ്രാഫിക്ക് ഡിസൈൻ, ബി.എ വിഷ്വൽ ആർട്സ്, ബിഎ അനിമേഷൻ ആന്റ് വിഷ്വൽ ഇഫക്ട്സ് (പുതിയ സ്കീം 2023 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017, 2018 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ഒക്ടോബർ 2025ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 29ന് ആരംഭിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ*

.....................

*അഞ്ചാം സെമസ്റ്റർ (സിബിസിഎസ്) ബിഎസ്സി ഇൻഫർമേഷൻ ടെക്നോളജി മോഡൽ 3 (പുതിയ സ്കീം- 2023 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017, 2018 അഡ്മിഷനുകൾ ആദ്യ മെഴ്സി ചാൻസ്) ഒക്ടോബർ*
*2025 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ നാലിന് മുതൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ*

*(പി.ആർ.ഓ/39/2128/2025)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*ഒന്നാം സെമസ്റ്റർ എംജിയു യുജിപി, ബിബിഎ, ബിസിഎ (ഓണേഴ്സ്) (2025 അഡ്മിഷൻ റഗുലർ,2024 അഡ്മിഷൻ ഇംപ്രൂവ്മെന്റും റീഅപ്പിയറൻസും) നവംബർ 2025 പരീക്ഷകൾക്ക് ഒക്ടോബർ 25 വരെ അപേക്ഷിക്കാം.*

*(പി.ആർ.ഓ/39/2129/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**